# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### ക്യാഷ് ചെസ്റ്റും ക്യാഷ് ബുക്കും കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1931 — 01.02.2018-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| എ) | കേരള പോലീസിൽ ക്യാഷ്യർ തസ്തികയിൽ ജോലി ചെയ്യുന്നവർ തന്നെ ക്യാഷ് ചെസ്റ്റും ക്യാഷ് ബുക്കും കൈകാര്യം ചെയ്യണമെന്നും അവർ ക്യാഷ് ചെസ്റ്റ് ഉള്ള സ്ഥലത്ത് തന്നെ ഹാജർ രേഖപ്പെടുത്തണമെന്നുമുള്ള പൊതുനിർദ്ദേശത്തെ അവഗണിച്ച് ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ സാഹചര്യം മൂലം ഉണ്ടാകുന്ന സാമ്പത്തിക ക്രമക്കേടുകൾ പോലീസിൽ റിപ്പോർട്ട് ചെയ്യു മുമ്പ് കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനായിട്ടുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ; | എ), ബി) & സി) | ക്യാഷ്യർ തസ്തികയിൽ ജോലി ചെയ്യുന്നവർ തന്നെ ക്യാഷ് ബുക്കും ക്യാഷ് ചെസ്റ്റും കൈകാര്യം ചെയ്യുകയും ഹാജർ രേഖപ്പെടുത്തിയും വരുന്നുണ്ട്. ക്യാഷ്യർ തസ്തിക അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ഹെഡ് ക്ലാർക്ക് ക്യാഷ് കൈകാര്യം ചെയ്തു വരുന്നു.<br>കൊച്ചി സിറ്റി ജില്ലാ പോലീസ് ഓഫീസിലും മലപ്പുറം ജില്ലാ പോലീസ് ഓഫീസിലും അധികാരപ്പെട്ട ഓഫീസ് മേധാവികൾ ഭരണസൗകര്യാർത്ഥം ഇത്തരം ചില ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട് |
| ബി) | എറണാകുളം മലപ്പുറം ജില്ലകളിലെ എ.ആർ ക്യാമ്പുകളിലെ ക്യാഷ്യർ തസ്തികയിലുള്ളവരെ പ്രസ്തുത നിർദ്ദേശങ്ങൾക്ക് കടകവിരുദ്ധമായി മാറ്റി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം എന്താണ്; ഈ സ്ഥലങ്ങളിൽ ആരാണ് ക്യാഷ് ചെസ്റ്റും ക്യാഷ് ബുക്കും കൈകാര്യം ചെയ്യുന്നത്; | | |
| സി) | ക്യാഷ്യർ തന്നെ ക്യാഷ് ചെസ്റ്റും ക്യാഷ് ബുക്കും കൈകാര്യം ചെയ്യണമെന്നും അവിടെ തന്നെ ഹാജർ | | |

| | | | |
|---|---|---|---|
| | രേഖപ്പെടുത്തണമെന്നുമുള്ള വ്യവസ്ഥ ലംഘിച്ച് ഇവരെ സ്ഥലം മാറ്റി നിയമിച്ചത് ആരാണെന്ന് വ്യക്തമാക്കുമോ; ഇവർക്ക് ഇതിനുള്ള അധികാരം ഉണ്ടോ; പ്രധാന സാമ്പത്തിക തസ്തികകളിൽ ഇരിക്കുന്ന വരെ ചട്ടവിരുദ്ധമായി മാറ്റുന്നവർക്ക് എതിരെ നടപടികൾ സ്വീകരിക്കുമോ; | | |
| ഡി) | പല സാമ്പത്തിക തിരിമറികൾക്കും സാധ്യത ഉണ്ടാകുന്നതിനാലും പല കേസുകൾ ഇത്തരത്തിൽ നിലവിൽ ഉള്ളതിനാലും ഇത്തരം തീരുമാനങ്ങൾക്ക് പിന്നിൽ ബോധപൂർവ്വമായ ഇടപെടലുകൾ ഉള്ളതായുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ഇ) | എറണാകുളം, മലപ്പുറം എ.ആർ. ക്യാമ്പുകളിൽ ക്യാഷ്യർ തസ്തികയിൽ ഉള്ളവർ തന്നെ ക്യാഷ് ചെസ്റ്റും ക്യാഷ് ബുക്കും കൈകാര്യം ചെയ്യുന്നതിനും അവിടെതന്നെ ഹാജർ രേഖപ്പെടുത്തുന്ന തിനും ഉള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ? | ഇ) | പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**